അന്ധകാരനഴി ലാൻറിംഗ് സെൻറർ ആക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട്

262 [434] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധകാരനഴി ലാൻറിങ്ങ് സെൻറർ ആക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രോജക്ടറ് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ലാൻറിംഗ് സെൻറർ ആക്കുന്നതിനു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബേട്ടിക്കൽ ലിഫ്റ്ററ് ഇറിഗേഷൻ പദ്ധതി

263 [435] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ ചെമ്മനാട് പഞ്ചായത്തിൽ തുടങ്ങാൻ നിർദ്ദേശിക്കപ്പെട്ട ബേട്ടിക്കൽ ലിഫ്റ്ററ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം എന്നാരംഭിക്കുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

ബേട്ടിക്കൽ ലിഫ്റ്ററ് ഇറിഗേഷൻ പദ്ധതിയുടെ ഡിസൈൻ വിശദമായ പരിശോധനയിലാണ്. ഡിസൈൻ തയ്യാറായതിനുശേഷം മേൽനടപടികൾ എടുക്കാവുന്നതാണ്.

വെല്ലിംഗ്ടൺ വാട്ടർ വർക്സ് റൂംസ്

264 [436] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടണത്തിലെ ശുദ്ധജല വിതരണം സംബന്ധിച്ച വെല്ലിംഗ്ടൺ വാട്ടർ വർക്സ് റൂംസ് ഇപ്പോൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ അതനുസരിച്ച് ഗാർഹികാവശ്യങ്ങൾക്കും അല്ലാതെയുമുള്ള വെള്ളക്കര നിരക്കുകൾ എത്രയെന്ന് വിശദമാക്കുമോ ;

(സി) ഈ നിരക്കുകൾ പുതുക്കി റൂംസ് എപ്പോഴെങ്കിലും ഭേദഗതി ചെയ്തു ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഗവൺമെൻറ് ഉത്തരവിൻെറ നമ്പരും തീയതിയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1000 ലിറ്റർ വെള്ളത്തിന് ഗാർഹികാവശ്യങ്ങൾ 1-4-1985 മുതൽ 75 പൈസയും, മറ്റ് ആവശ്യങ്ങൾക്ക് 2 രൂപയും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly